LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഭൂപരിധി നിയമത്തിൽ ഇളവ്

25 (*55) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് സർക്കാർ നയരൂപീകരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ-സി) വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

വ്യാജ കൈത്തറി ഉല്പന്നങ്ങൾ

26 (*56) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പവർലൂമിൽ നെയ്ത തുണിത്തരങ്ങൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവന്ന് വ്യാജ കൈത്തറി ഉല്പന്നങ്ങളായി സംസ്ഥാനത്ത് വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യാജ കൈത്തറി ഉല്പന്നങ്ങൾ കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൈത്തറി എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ; ഈ വിഭാഗത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) വിപണിയിൽ പരിശോധന നടത്തി വ്യാജനെ കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ). ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൈത്തറി സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് കൈത്തറി മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. 1985-ലെ കൈത്തറി (ഉൽപ്പാദനത്തിനുള്ള ഇനങ്ങളുടെ സംവരണം) നിയമപ്രകാരം കൈത്തറിയിൽ മാത്രം ഉൽപ്പാദിപ്പിക്കുന്ന 11 ഇനങ്ങൾ സംസ്ഥാനത്തിലെ പവർലൂം യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നത് തടയുക, പരിശോധന നടത്തി നിയമ വിരുദ്ധമെന്നു കണ്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുക എന്നതാണ് കൈത്തറി എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകൾ.

(ഡി) ഇല്ല. ഹാന്റ്ലൂം റിസർവേഷൻ ആക്ട് 1985 പ്രകാരം വ്യാജ കൈത്തറി വിപണനം തടയുന്നതിനുള്ള അധികാരം എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയിട്ടില്ല. എന്നാൽ വ്യാജ കൈത്തറി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സഹകരണ സംഘം നിയമമനുസരിച്ച് അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ജനനി ജന്മരക്ഷാ പദ്ധതി

27 (*57) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനി ജന്മരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്, വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly